പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2887 **29-10-2026-ൽ മറുപടിയ്ക്ക്**

റോഡ് ശൃംഖലകൾ സംസ്ഥാന പാതയാക്കി ഉയർത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങൾ, തീർഥാടന കേന്ദ്രങ്ങൾ, എയർപോർട്ടുകൾ എന്നിവിടങ്ങളിലേക്കെത്തുന്ന റോഡ് ശൃംഖലകൾ സംസ്ഥാനപാതകളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: ഓരോ റോഡിന്റെയും പ്രത്യേകതകൾ പരിശോധിച്ച് അവ സംസ്ഥാന പാതകളായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ഗണത്തിൽപ്പെടുന്ന വളരെ ട്രാഫിക് ഉള്ള ഇത്തരം റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തി സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ശരാശരി വേഗം ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) സംസ്ഥാനപാതകളുടെ പരിപാലനത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി ഒരു സംസ്ഥാന പാത അതോറിറ്റി വിഭാഗം രൂപീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം, മെയിന്റനൻസ് വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ്, KSTP, RICK, പൊതുമരാമത്ത് ദേശീയപാത വിഭാഗം എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ഈ വിഭാഗങ്ങളെ ഏകീകരിച്ച് പ്രവർത്തനം നടത്തുന്നതിനാൽ പ്രത്യേക അതോറിറ്റി പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ